# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1827 04.12.2018 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാല വൈസ് ചാൻസലർക്ക് സർവ്വീസ് കൺസൾട്ടന്റ്**

*ചോദ്യം*
ശ്രീ. കെ. മുരളീധരൻ

*ഉത്തരം*
**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല വൈസ് ചാൻസലർക്ക് സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സർവീസ്, നിയമം എന്നീ സംഗതികളെ സംബന്ധിച്ച് ഉപദേശം നൽകാൻ അക്കാര്യങ്ങളിൽ പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയെ നിയമിക്കണമെന്ന വൈസ് ചാൻസലറുടെ നിർദ്ദേശം സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും സമയവും നൽകുന്നതിനായി സർവ്വകലാശാലയിൽ ഉയർന്നുവരുന്ന സങ്കീർണ്ണമായതും, അടിയന്തിരമായും സമയബന്ധിതമായും പരിഹാരം കാണേണ്ടതുമായ പ്രശ്നങ്ങളിൽ ഉപദേശം നൽകുന്നതിനുമാണ് പ്രാഗത്ഭ്യമുള്ള ഒരു വ്യക്തിയെ നിയമിക്കുന്ന കാര്യം സിൻഡിക്കേറ്റ് പരിഗണിച്ചത്. |
| (ബി) | ആരെയാണ് സർവ്വീസ് കൺസൾട്ടന്റായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) & (സി) | തീരുമാനമെടുത്തിട്ടില്ല |
| (സി) | പ്രസ്തുത നിയമനം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ